# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3494**

**12.12.2014-ലെ മറുപടിക്ക്**

## സുരക്ഷിതമായ പച്ചക്കറി

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ശ്രീ. കെ.പി. മോഹനൻ
കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി.

**(എ)** വിപണിയിലെത്തുന്ന പച്ചക്കറികളിൽ സംസ്ഥാനത്തുള്ളവ എത്ര ശതമാനം; മറ്റു സംസ്ഥാനത്തു നിന്നുള്ളവ എത്ര ശതമാനം; സംസ്ഥാനത്തുള്ള പച്ചക്കറികളിൽ ദിവസേന എത്ര തുകയുടെ കച്ചവടം നടക്കുന്നു എന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ ദിവസേന എത്ര തുകയുടെ കച്ചവടം നടക്കുന്നുവെന്നും വ്യക്തമാക്കുമോ;

**(എ)** വിപണിയിലെത്തുന്ന പച്ചക്കറികളിൽ സംസ്ഥാനത്തുള്ളവയുടേയും മറ്റു സംസ്ഥാനത്തു നിന്നുള്ളവയുടേയും ശതമാനം തിരിച്ചുള്ള കണക്കുകളും; ഈ സംസ്ഥാനത്തുള്ളതും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളതുമായ പച്ചക്കറികളിൽ ദിവസേന എത്ര തുകയുടെ കച്ചവടം നടക്കുന്നു എന്നതു സംബന്ധിച്ച് തരം തിരിച്ചുള്ള കണക്കുകളൊന്നും ലഭ്യമല്ല.

**(ബി)** മറ്റു സംസ്ഥാനത്തു നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി നിലവിൽ എന്തു സംവിധാനങ്ങളുണ്ട്; വ്യക്തമാക്കുമോ;

**(ബി)** നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതിനാൽ അവയിൽ അടങ്ങിയിരിക്കുന്ന വിഷാംശം എത്രയെന്ന് കണ്ടുപിടിക്കുവാൻ പച്ചക്കറി കടകളിൽ നിന്നും, കർഷകന്റെ കൃഷിയിടങ്ങളിൽ നിന്നും സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി കൃഷി വകുപ്പ് കേരള സർവ്വകലാശാലയും ചേർന്ന് നടപ്പിലാക്കുന്നു.

തിരുവനന്തപുരത്തെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് ജില്ലയിലെ പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്നായി ഓരോ മാസവും 50 മുതൽ 60 ഇനം പച്ചക്കറികളുടെ ഇരുന്നൂറോളം സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലബോറട്ടറിയിൽ

എത്തിച്ചാണ് പരിശോധന നടത്തുന്നത്. വിവിധ ഇനം പച്ചക്കറികളിൽ കണ്ട കീടനാശിനികളുടെ വിഷാംശം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ കേരള സർക്കാർ വെബ് പോർട്ടൽ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുന്നു;

**(സി)** പച്ചക്കറികളിലെ കീടനാശിനി പ്രയോഗം നിലവിൽ പരിശോധന നടത്തുന്നത് എവിടെയെല്ലാം എന്നും എന്തു തുക ഇതിനായി ഫീസ് ഇനത്തിൽ ഈടാക്കുന്നു എന്നും വ്യക്തമാക്കുമോ;

**(സി)** പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട പരിശോധന നിലവിൽ നടത്തുന്നത് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ ആണ്. കൃഷി വകുപ്പിന്റെ ശുപാർശയോടു കൂടി വരുന്ന കർഷകരുടെ പച്ചക്കറി സാമ്പിളുകൾ ഇവിടെ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500/- രൂപ മുതൽ 8000/- രൂപ വരെ പരിശോധന ഫീസ് ഈടാക്കുന്നുണ്ട്;

**(ഡി)** വിപണിയിലെത്തിക്കുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശനമായ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

**(ഡി)** വിപണിയിലെത്തിക്കുന്ന പച്ചക്കറികളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ സ്വീകരിയ്ക്കേണ്ട നടപടികളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

അണ്ടർ സെക്രട്ടറി.